കേരള സർക്കാർ

# പരിസ്ഥിതി കാലാവസ്ഥ വ്യതിയാന ഡയറക്ടറേറ്റ്

കെ.എസ്.ആർ.റ്റി.സി ബസ് ടെർമിനൽ (നാലാം നില) തിരുവനന്തപുരം 695 001

ഫോൺ 0471 2326264 (ഓഫീസ്) ; 2322554 (ഫാക്സ്)

ഇ-മെയിൽ envt.dir@kerala.gov.in വെബ് www.envt.kerala.gov .in

നം: ഡി.ഒ.ഇ.സി.സി/എഇഒ1/2684/2018 തീയതി. 10.01.2019

പ്രേഷിത

ഡയറക്ടർ

സ്വീകർത്താവ്

The Principal,
Sacred Heart College,
Thevara
Pin-682013

സർ.

വിഷയം:- ഡി.ഒ.ഇ.സി.സി - പരിസ്ഥിതി ബോധവൽക്കരണവും പ്രോത്സാഹനവും- 2018-19 വർഷത്തെ സെമിനാർ/സിംപോസിയം -ധന സഹായത്തിനായി തിര ഞ്ഞെടുക്കപ്പെട്ട സംഘടനകൾ/സ്ഥാപനങ്ങൾ - മാനദണ്ഡങ്ങൾ പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

പരാമർശം :- 1) സ.ഉ.(സാധാ) നമ്പർ. 54/2018/പരി തീയതി 03.05.2018.
2) ഈ കാര്യാലയത്തിൽ ചേർന്ന പദ്ധതി വിലയിരുത്തൽ കമ്മിറ്റിയുടെ യോഗ നടപടി കുറിപ്പ്.

പരിസ്ഥിതി ബോധവത്ക്കരണവും പ്രോത്സാഹനവും എന്ന ബഡ്ജറ്റ് ശീർഷകത്തിൻ കീഴിൽ സമൂഹത്തിൽ പരിസ്ഥിതി അവബോധം വളർത്തുന്നതിനായി 2018-19 സാമ്പത്തിക വർഷത്തിൽ സെമിനാറുകൾ/സിപോസിയങ്ങൾ തുടങ്ങിയവ സംഘടിപ്പിക്കുന്നതിനായി സന്നദ്ധരായ സർക്കാർ/സർക്കാരേതര സ്ഥാപനങ്ങൾ/ സംഘടനകൾ തുടങ്ങിയവയിൽ നിന്നും അപേക്ഷ ക്ഷണിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ലഭിച്ച അപേക്ഷകൾ തെരഞ്ഞെടുക്കുന്നതിനായി വകുപ്പ് തല വിലയിരുത്തൽ കമ്മറ്റികൂടി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ യോഗ്യരായ 28 സ്ഥാപനങ്ങളെ തെരഞ്ഞെടുത്തിട്ടുണ്ട്.ആയതുപ്രകാരം താങ്കളുടെ സ്ഥാപനം സമർപ്പിച്ച " National Seminar on Sustainable Development and Climate Change"എന്ന പ്രൊപ്പോസലിന് ആകെ 85,000/- രൂപ (എൺപത്തിഅയ്യായിരം രൂപ മാത്രം) അനുവദിച്ചിട്ടുണ്ട്. സമർപ്പിച്ച പദ്ധതി രൂപ രേഖ പ്രകാരം സെമിനാർ/സിംപോസിയങ്ങൾ തുടങ്ങിയവ നടത്തി ആയതിന്റെ വിശദമായ റിപ്പോർട്ട് (ഫോട്ടോ/വീഡിയോ സഹിതം), തുക വിനിയോഗ സർട്ടിഫിക്കറ്റ് (in KFC form 44),

ചുവടെ ചേർത്തിരിക്കുന്ന നിബന്ധനകൾ നിർബന്ധമായും പാലിക്കേണ്ടതാണ്.

1. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട പോസ്റ്ററുകൾ, ലഘുലേഖനങ്ങൾ, ബാനറുകൾ, മറ്റ് പ്രസിദ്ധികരണങ്ങൾ എന്നിവയിൽ പരിസ്ഥിതി കാലാവസ്ഥ വ്യതിയാന ഡയറക്ടറേറ്റിന്റെ പേര് ആലേഖനം ചെയ്യേണ്ടതാണ്.

2. 2019 ഫെബ്രുവരി 28 ന് മുമ്പായി പദ്ധതി നിർവ്വഹിച്ച് ആയത് സംബന്ധിച്ച് വിശദമായ റിപ്പോർട്ടും തുക വിനിയോഗ സർട്ടിഫിക്കറ്റും (KFC form 44 - ൽ) തുക വിനിയോഗ പത്രികയും സമർപ്പിക്കേണ്ടതാണ്. പ്രസ്തുത തീയതിക്കു മുൻപായി മേൽപ്പറഞ്ഞ രേഖകൾ സമർപ്പിക്കാത്ത പക്ഷം പദ്ധതിക്ക് അനുവദിച്ച തുക നൽകുന്നതല്ല. കൂടാതെ അത്തരം സംഘടനകളെ വരും വർഷങ്ങളിൽ പരിഗണിക്കുന്നതുമല്ല.

3. 2018-19 സാമ്പത്തിക വർഷം അവസാനിക്കുന്നതിനുമുൻപായി വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന റിവ്യൂ മീറ്റിംഗിൽ പദ്ധതി നടത്തിപ്പു വിവരം ഓരോ സംഘടന/സ്ഥാപനങ്ങളും അവതരിപ്പിക്കേണ്ടതാണ്.

4. ചെലവഴിച്ച തുകയുടെ ഒറിജിനൽ ബില്ലുകളും വൗച്ചറുകളും, സമർപ്പിക്കേണ്ടതാണ്.

5. പ്രസ്തുത പരിപാടിയിലെ പ്രധാനകാര്യങ്ങൾ നടപ്പാക്കുന്നത് ഈ കാര്യാലയത്തിൽ മുൻകൂറായി അറിയിക്കേണ്ടതും ഈ കാര്യാലയത്തിലെ ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യം ഉറപ്പാക്കേണ്ടതുമാണ്.

6. പദ്ധതി നടത്തിപ്പിൽ ഹരിതപെരുമാറ്റച്ചട്ടം കർശനമായും പാലിക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
ഡയറക്ടർക്ക് വേണ്ടി